No: E 02/22

**ദൈവകൃപയാൽ**
**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൽ കീഴിലുള്ള യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ യുറോപ്പ് (except UK & Ireland) ഇടവകകളുടെ ഡോ. കുര്യാക്കോസ് തെയോഫീലോസ് മെത്രാപ്പോലീത്ത.**

MALANKARA SYRIAN ORTHODOX CHURCH
KURIAKOSE METROPOLITAN
THEOPHILOSE
EUROPE

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ യൂറോപ്പിലെ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിമാർക്കും ഭരണസമിതി അംഗങ്ങൾക്കും ശേഷം ആത്മീയമക്കൾക്കും കർത്താവിൽ വാഴ്

പ്രിയരേ,

ലോകം മുഴുവൻ കോവിഡ് 19 എന്ന മഹാമാരിയിലൂടെ കടന്നു പോകുമ്പോഴും ഓൺലൈൻ സംവിധാനങ്ങളിലൂടെ നമ്മുടെ ഇടവകളെ ചേർത്ത് നിർത്തി ആത്മീയ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുന്നതിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്താം. ദൈവാശ്രയം ഉള്ള കുടുംബങ്ങൾ ഇന്നത്തെ കാലഘട്ടത്തിനു അത്യന്താപേക്ഷിതമാണല്ലോ. വിവാഹ പ്രായമായ നമ്മുടെ യുവതി യുവാക്കൾക്കായി 2022 ഏപ്രിൽ മാസം ഒന്നാം തീയതി വൈകിട്ട് ആരംഭിച്ച് മൂന്നാം തീയതി ഞായറാഴ്ച അവസാനിക്കുന്ന വിധത്തിൽ ഓൺലൈൻ വഴിയായി ഒരു വിവാഹ ഒരുക്ക സെമിനാർ ക്രമീകരിക്കുന്നു. പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റ് ഇല്ലാത്ത പക്ഷം നമ്മുടെ ദേവാലയങ്ങളിൾവച്ച് വിവാഹം നടത്തുന്നതിനു അനുവാദം ഇല്ലാത്തതാകുന്നു. സെമിനാറിന്റെ ക്രമീകരണങ്ങൾ ചെയ്യുവാനായി ബഹുമാനപ്പെട്ട ഫാ. ജോഷി വെട്ടിക്കാട്ടിൽ, ഫാ. ഡോ. തോമസ് ജേക്കബ്, ഫാ. എൽദോസ് വട്ടപ്പറമ്പിൽ എന്നീ വൈദികരെ നാം ചുമതലപ്പെടുത്തുന്നു. സെമിനാറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2022 ഫെബ്രുവരി 28 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 50 യൂറോ ആയിരിക്കും. ഈ അവസരം എല്ലാവരും പ്രയോജനപ്പെടുത്തുവാൻ നിങ്ങളുടെ സ്നേഹത്തെ ഓർമ്മപ്പെടുത്തുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളേടൊപ്പം വർത്തിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യക മർത്തമറിയം അമ്മയുടെയും ശ്ലീഹൻമാരിൽ തലവനായ പരിശുദ്ധ പത്രോസിന്റെയും ഭാരതത്തിന്റെ കാവൽ പിതാവായ മോർ തോമ്മാശ്ലീഹയുടെയും പ്രാർത്ഥനകളാൽത്തന്നെ, **ആമ്മീൻ**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.**

ഉദയഗിരി സെമിനാരിയിൽ നിന്നും
2022 ഫെബ്രുവരി മാസം 6-ാം തിയതി

**ഡോ. കുര്യാക്കോസ് തെയോഫീലോസ്**
**മെത്രാപ്പോലീത്ത**